**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3953** **09-10-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീരവികസന വകുപ്പിന്റെ തീറ്റപ്പുൽകൃഷി വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലുൽപ്പാദനത്തിലെ വരുമാനത്തിന്റെ 80 ശതമാനവും കാലികളുടെ തീറ്റയിനത്തിൽ ചെലവാകുന്നതു മൂലം ക്ഷീരകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പശുവളർത്തലിൽ കർഷകർ അഭിമുഖീകരിക്കുന്ന എറ്റവും വലിയ ബുദ്ധിമുട്ട് തീറ്റയുടെ ഉയർന്ന വിലയാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ അഭാവമാണ് സംസ്ഥാനത്ത് തീറ്റ വില ഉയരുന്നതിനു കാരണം. ഉയർന്ന തീറ്റ വിലയ്ക്കു പരിഹാരമായി കർഷകരെ സഹായിക്കുന്നതിനു വകുപ്പ് വിവിധ ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ പ്രധാനം തീറ്റപ്പുൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളാണ്. ക്ഷീരകർഷകർക്കും, ജെ.എൽ.ജി. ഗ്രൂപ്പുകൾക്കും, മറ്റ് സ്വയംസഹായ ഗ്രൂപ്പുകൾക്കും ഈ പദ്ധതി പ്രകാരം ധനസഹായത്തോടുകൂടി തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിനു സാധിക്കുന്നതാണ്. മറ്റൊരു പ്രധാന ധനസഹായ പദ്ധതി ത്രിതല പഞ്ചായത്തുകളുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന കാലിത്തീറ്റ സബ്സിഡി പദ്ധതിയാണ്. ഇതിനു പുറമെ സബ്സിഡി നിരക്കിൽ വയ്ക്കോലും, സൈലേജും ക്ഷീരസംഘങ്ങളിലൂടെ ലഭിക്കുന്ന പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>മിൽമയിൽ ക്ഷീരകർഷകരുടെ പ്രയാസങ്ങൾ മനസിലാക്കിക്കൊണ്ട് ഉൽപ്പാദനചെലവ് കുറച്ചുകൊണ്ട് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ഗുണനിലവാരമുള്ള കാലിത്തീറ്റ, ഇതര തീറ്റ വസ്തുക്കൾ, പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കൾ സബ്സിഡി നിരക്കിൽ മിൽമ കർഷകർക്ക് ലഭ്യമാക്കുന്നു. മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്സിഡിക്കു പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് 100 രൂപ സബ്സിഡി നൽകി വരുന്നുണ്ട്. കർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിലേക്കായി ഇക്കഴിഞ്ഞ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷം വർഷത്തിലുടനീളം (12മാസവും) ഫെഡറേഷനും മേഖലാ യൂണിയനുകളും ചേർന്ന് കാലിത്തീറ്റയ്ക്ക് സബ്‌സിഡി അനുവദിച്ചിട്ടുണ്ട്. കാലിത്തീറ്റ സബ്‌സിഡിയായി ഫെഡറേഷൻ നൽകിയ 11.95 കോടി രൂപ ഉൾപ്പെടെ മൊത്തത്തിൽ 30.18 കോടി രൂപ ഇക്കഴിഞ്ഞ സാമ്പത്തിക വർഷം കാലിത്തീറ്റ സബ്‌സിഡി ഇനത്തിൽ മാത്രം മിൽമ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ക്ഷീരവികസന വകുപ്പിന്റെ തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയുടെ ഭാഗമായി 'സുസ്ഥിര' ഉൾപ്പെടെയുള്ള തീറ്റപ്പുൽ വിഭാഗങ്ങൾ 505 ഹെക്ടർ വിസ്തൃതിയുള്ള മുണ്ടേരി സീഡ് ഫാമിന്റെ കൃഷി ചെയ്യാതെ കിടക്കുന്ന പ്രദേശത്ത് കൃഷി ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ? | (ബി) | ക്ഷീരവികസന വകുപ്പിന്റെ തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന തരിശു ഭൂമിയിൽ തീറ്റപ്പുൽ വാണിജ്യാടിസ്ഥാനത്തിൽ "തീറ്റപ്പുൽകൃഷി" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി ചെയ്യുന്നതിനു സാധിക്കുന്നതാണ്. മുണ്ടേരി സീഡ് ഫാം കൃഷി വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനമായതിനാൽ ടി സ്ഥലത്ത് തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന് കൃഷി വകുപ്പിന്റെ ഇടപെടൽ കൂടി ആവശ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ